"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

കൃഷി വകുപ്പ് - കെ.എൽ.ഡി.സിയിൽ അസിസ്റ്റന്റ് ഗ്രേഡ് - 1 തസ്തികയിൽ ജോലി ചെയ്തു വരുന്ന ശ്രീ.കെ.എച്ച്.അരുൺദാസിന് പരീക്ഷയുടെ റിസൾട്ട് വരുന്നത് വരെ സർട്ടിഫിക്കറ്റ് സമർപ്പിക്കുന്നതിനുള്ള കാലാവധി നീട്ടി നൽകുന്നതിന് അനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്

**കൃഷി (പി.യു) വകുപ്പ്**

സ.ഉ.(സാധാ) നം.1065/2022/AGRI   തീയതി,തിരുവനന്തപുരം, 05-12-2022

പരാമർശം:-

1. 04/02/2022 ലെ സ.ഉ (സാധ) നം. 87/2022/അഗ്രി നമ്പർ സർക്കാർ ഉത്തരവ്
2. കെ.എൽ.ഡി.സി മാനേജിംഗ് ഡയറക്ടറുടെ 19.11.22ലെ കെ.എൽ.ഡി.സി/എസ്റ്റാ-1/പെർ-933/എഡികെഎച്ച്/15 നമ്പർ കത്ത്

**ഉത്തരവ്**

ശ്രീ.കെ.എച്ച്.അരുൺദാസ് 08.06.2015 ൽ അസിസ്റ്റന്റ് ഗ്രേഡ് - 2 തസ്തികയിൽ ജോലിയിൽ പ്രവേശിക്കുകയും, ടിയാൻ മൂന്ന് വർഷം സേവനം 07.06.2018ൽ പൂർത്തികരിക്കുകയുണ്ടായി. എന്നാൽ ടിയാൻ ഡിപ്പാർട്ട്മെന്റ് ടെസ്റ്റ് പാസാകാത്തതിനാൽ കെ.എസ്.എസ്.ആർ, ചട്ടം 13A പ്രകാരം അസിസ്റ്റന്റ് ഗ്രേഡ്-I ആയി 08.06.18 മുതൽ മുൻകാല പ്രാബല്യം നല്കി 18.02.20ൽ സ്ഥാനക്കയറ്റം നല്കിയിരുന്നു. കെ.എസ്.എസ്.ആർ ചട്ടം 13 A(2) പ്രകാരം സ്ഥാനക്കയറ്റം നല്കിയ തീയതി മുതൽ മൂന്ന് വർഷത്തിനകം വകുപ്പുതല പരീക്ഷകൾ വിജയിച്ച് സർട്ടിഫിക്കറ്റുകൾ ഹാജരാക്കേണ്ടതാണ്. ശ്രീ.അരുൺദാസിന്റെ സ്ഥാനക്കയറ്റത്തിന് 08.06.18 മുതൽ പ്രാബല്യം നല്കിയിട്ടുള്ള സാഹചര്യത്തിൽ ടിയാന് വകുപ്പുതല പരീക്ഷകൾ വിജയിച്ചതായി രേഖപ്പെടുത്തിയിട്ടുള്ള സർട്ടിഫിക്കറ്റ് 2021 ജൂൺ മാസത്തിനകം സമർപ്പിക്കേണ്ടതായിരുന്നു.

2. എന്നാൽ കോവിഡ്-19 പകർച്ചവ്യാധിയുടെ പശ്ചാതലത്തിൽ രണ്ട് പ്രാവശ്യം പി.എസ്.സി നടത്തുന്ന ഡിപ്പാർട്ട്മെന്റ് ടെസ്റ്റുകൾ യഥാക്രമം നടത്തുന്നതിന് സാധിച്ചിട്ടില്ലാത്തതിനാൽ, ജനുവരി 2021ലെ വകുപ്പുതല പരീക്ഷയും കോവിഡ് പശ്ചാതലത്തിൽ നടത്തിയില്ലായെന്നും, ശ്രീ.അരുൺദാസിന് നിയമം അനുശാസിക്കുന്ന കാലപരിധിയ്ക്കുള്ളിൽ വകുപ്പുതല പരീക്ഷ പാസായ സർട്ടിഫിക്കറ്റ് സമർപ്പിക്കുവാൻ സാധിക്കാത്തതിനാൽ പരാമർശം (1) ഉത്തരവ് പ്രകാരം പരീക്ഷ പാസാകുന്നതിനുള്ള കാലാവധി 07/06/2022 വരെ ഒരു വർഷത്തേയ്ക്ക് നീട്ടി നൽകി ഉത്തരവായിരുന്നു

3. ശ്രീ.കെ.എച്ച്.അരുൺദാസ് പാസാകേണ്ട വകുപ്പുതല പരീക്ഷയുടെ 6 വിഷയങ്ങളിൽ 5

എണ്ണം വിജയിച്ചിട്ടുണ്ടെന്നും, എന്നാൽ ഒരു പരീക്ഷ 2022 നവംബർ മാസത്തിലാണെന്നും, ഈ സാഹചര്യത്തിൽ പരീക്ഷയുടെ ഫലം വരുന്നത് വരെ സർട്ടിഫിക്കറ്റ് സമർപ്പിക്കുന്നതിനുള്ള കാലാവധി നീട്ടി നൽകാൻ ടിയാൻ അപേക്ഷിച്ചിട്ടുണ്ടെന്നും ആയതിനാൽ KS&SSR ചട്ടം 13 A പ്രകാരം വകുപ്പുതല പരീക്ഷ വിജയിക്കുന്നതിനുള്ള കാലാവധി നീട്ടി നൽകുന്ന വിഷയം അനുഭാവപൂർവ്വം പരിഗണിച്ച് ഉചിതമായ ഒരു തീരുമാനം അറിയിക്കണമെന്ന് കെ.എൽ.ഡി.സി മാനേജിംഗ് ഡയറക്ടർ പരാമർശം (2) പ്രകാരം അഭ്യർത്ഥിക്കുകയുണ്ടായി.

4. സർക്കാർ ഈ വിഷയം വിശദമായി പരിശോധിക്കുകയും ശ്രീ.കെ.എച്ച്.അരുൺദാസ് വിജയിക്കേണ്ട വകുപ്പുതല പരീക്ഷയുടെ 6 വിഷയങ്ങളിൽ 5 എണ്ണം വിജയിച്ചിട്ടുണ്ടെന്നും, ഒരു പരീക്ഷ 2022 നവംബർ മാസത്തിൽ കഴിഞ്ഞിട്ടുള്ളതിനാലും, പ്രസ്തുത പരീക്ഷയുടെ റിസൾട്ട് വരുന്നത് വരെ ടിയാന് സർട്ടിഫിക്കറ്റ് സമർപ്പിക്കുന്നതിനുള്ള കാലാവധി നീട്ടി നൽകുവാൻ മാനേജിംഗ് ഡയറക്ടർക്ക് അനുമതി നല്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

VALSALA S D

അണ്ടർ സെക്രട്ടറി

1. ശ്രീ.കെ.എച്ച്.അരുൺദാസ്, അസിസ്റ്റന്റ് ഗ്രേഡ് - 1, കേരള ലാന്റ് ഡെവലപ്പ്മെന്റ് കോർപ്പറേഷൻ
2. മാനേജിംഗ് ഡയറക്ടർ, കേരള ലാന്റ് ഡെവലപ്പ്മെന്റ് കോർപ്പറേഷൻ, തിരുവനന്തപുരം
3. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം
4. അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം
5. വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്
6. കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം

**Signed by Premchand C P**
**Date: 05-12-2022 10:55:33**

സെക്ഷൻ ഓഫീസർ